# ഒടുക്കം എന്തു ചെയ്യും?

Malayalam
**Odukkam Enthu Cheyyum?**

Author: Kunjumon Thottappally

DTP & Cover Design: Graphic Design

Printed at:
Ebenezer Press, Thrissur -12

For Copies and More details:
Kunjumon Thottappally
Lakkattoor P.O.,
Kottayam 686 502
Mob: 9447868593

# ഒടുക്കം എന്തു ചെയ്യും?

ബൈബിളിലെ നിരവധി പ്രവചനങ്ങൾ അനുസരിച്ച് കൃത്യമായ സ്ഥലത്ത്, സമയത്ത് ഒരു ശിശു ജനിച്ചു. അതാണു ദൈവം മനുഷ്യരോടു കൂടെയായിത്തീർന്ന യേശു.

ഗർഭിണിയായിരുന്നപ്പോൾ മറിയം ഗലീല സംസ്ഥാനത്തെ നസറേത്തിലായിരുന്നു. അഗസ്റ്റസ് സീസറുടെ ആജ്ഞമൂലം പേർവഴി ചാർത്തുവാൻ വിവാഹം നിശ്ചയിച്ചിരുന്ന പുരുഷനുമൊത്ത് യഹൂദ്യ സംസ്ഥാനത്തെ ബേത്‌ലഹേമിൽ എത്തിയപ്പോഴായിരുന്നു പ്രസവം. ബേത്‌ലഹേമിലായിരിക്കും മശിഹായുടെ ജനനമെന്നായിരുന്നു പ്രവചനം.

ജനനസമയത്ത് സ്വർഗ്ഗീയ ദൂതസംഘം എത്തി സന്തോഷ ഗാനങ്ങളാലപിച്ചു. ദൂതൻ അറിയിച്ചതനുസരിച്ച് ആട്ടിടയന്മാർ അന്വേഷിച്ചു വന്നു കണ്ടെത്തി വണങ്ങി. അയൽ രാജ്യക്കാരായ വിദ്വാന്മാർ നക്ഷത്രത്താൽ വഴിനയിക്കപ്പെട്ടു വന്നു കണ്ടു നമസ്ക്കരിച്ചു. ശിശുവായിരുന്നപ്പോൾ ഹേരോദാരാജാവിനെ പരിഭ്രമിപ്പിച്ചു.

12-ാം വയസ്സിൽ ദൈവാലയ ശാസ്ത്രിമാരെ അത്ഭുതപ്പെടുത്തി. 30-ാം വയസ്സിൽ സ്നാനസമയത്ത് പിതാവായ ദൈവം അശ്ശരീരി മുഴക്കിപ്പറഞ്ഞു. "ഇവനെന്റെ പ്രിയപുത്രൻ". പിതവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവത്തിലെ പുത്രൻ എന്ന ആളത്തം. മനുഷ്യവർഗ്ഗത്തിനു രക്ഷാമാർഗ്ഗമൊരുക്കാനാണ് മനുഷ്യാവതാരം ചെയ്തത്.

## കെട്ടുകഥയാണിഷ്ടം

ദൈവമായ യേശു രണ്ടായിരം വർഷംമുമ്പു മനുഷ്യനായി യിസ്രയേലിൽ ജീവിച്ചിരുന്നുവെന്നുള്ളതിനു പകരം പണ്ട്പണ്ട് എവിടെയോ ജീവിച്ചിരുന്നു എന്നായിരുന്നെങ്കിൽ കുറെപ്പേർകൂടെ വിശ്വസിക്കുമായിരുന്നു. മനുഷ്യർക്കു കെട്ടുകഥയാണിഷ്ടം.

സീസറുടെയും പീലാത്തോസിന്റേയും ഹെരോദാവിന്റെയും സമകാലികനായി യേശു ജനിച്ചു ജീവിച്ചു എന്നുള്ളതാണു പലർക്കും

പ്രശ്നം. ദൈവം ഐതീഹ്യങ്ങളിലല്ലാതെ ചരിത്രത്തിൽ യാഥാർത്ഥ്യ മാകുകയില്ലെന്നാണു പലരുടേയും മനസ്സുപറയുന്നത്.

ചരിത്രപുരുഷനായതുകൊണ്ടു യേശു ദൈവമല്ലപോലും! പോരെങ്കിൽ മരിക്കുയും ചെയ്തിരിക്കുന്നു. ദൈവമാണെങ്കിൽ ജനിക്കാനും ഭക്ഷണം കഴിക്കാനും വളരാനും ഉറങ്ങാനും കരയാനും പ്രാർത്ഥിക്കാനും അവസാനം മരിക്കാനും ഇടയാകുമോ? യേശു അവരുടെ ദൃഷ്ടിയിൽ ഉപദേഷ്ടാവും സാമൂഹ്യതിന്മകൾക്കെതിരെ പ്രതികരിച്ചതിനാൽ രക്തസാക്ഷിയുമാണ്.

## ക്ഷമിക്കാനൊരു ദൈവമോ?

ഇനി ഒരുകൂട്ടരുണ്ട്. അവർ യേശുവിനെ മറ്റു ദൈവങ്ങളുടെ നിരയിൽ പെടുത്തുന്നതിനു മഹാമനസ്കതയുള്ളവരാണ്. ധനം, വിദ്യ, കല, ആരോഗ്യം, കൃഷി, വീട്, കാറ്റ്, കടൽ, അസാദ്ധ്യ കാര്യങ്ങൾ, പ്രകൃതി ക്ഷോഭങ്ങൾ, ദുഷ്ടജന്തുക്കളിൽ നിന്നുള്ള സംരക്ഷണം തുടങ്ങിയവ യ്ക്കെല്ലാം പ്രത്യേകം പ്രത്യേകം രക്ഷകരുണ്ടെന്നു വിശ്വസിക്കുന്ന അവർ പാപക്ഷമയ്ക്കുള്ള ദൈവം എന്ന ലേബലാണേശുവിനു കൊടുത്തിരിക്കുന്നത്. കുറ്റവാളികൾക്കു മാപ്പുനൽകുന്നവൻ! കരഞ്ഞാൽ മതി. യേശു കരളലിഞ്ഞു പൊറുക്കും പോലും!

യേശു വേശ്യകളോടും സാമൂഹ്യദ്രോഹികളോടും ക്ഷമിച്ച സംഭവങ്ങൾ ബൈബിളിലുണ്ട്. രാഷ്ട്രീയക്കാരോ മതക്കാരോ സന്നദ്ധ സംഘങ്ങളോ പോലും സംരക്ഷണം നൽകാൻ തയ്യാറല്ലാത്ത ധാരാളം വെറുക്കപ്പെട്ടവരുടെ അഭയസ്ഥാനമായി സഭ മാറിയിട്ടുള്ളത് യേശു നിരുപാധികം ക്ഷമിക്കുന്നതുകൊണ്ടല്ലേ എന്നാണവരുടെ ചോദ്യം.

## യേശു സാക്ഷാൽ ദൈവം

യേശു ക്ഷമിക്കുന്ന ദൈവമാണെന്നു സമ്മതിച്ചാൽ സാക്ഷാൽ ദൈവമാണെന്നു സമ്മതിക്കുകയാണ്. കാരണം ഏതു ദൈവത്തോടു തെറ്റു ചെയ്യുന്നുവോ ആ ദൈവത്തിനല്ലെ ക്ഷമിക്കാൻ കഴിയുന്നത്? ക്ഷമിക്കാൻ മാത്രമൊരു ദൈവം ഇല്ല. യേശു ദൈവമാണെങ്കിൽ സകലത്തിന്റേയും, സകലരുടേയും സ്രഷ്ടാവാണ്, സകലത്തേയും പരിപാലിക്കുന്ന സർവ്വശക്തനാണ്; പാപത്തെ ശിക്ഷിക്കുന്ന പരിശുദ്ധനാണ്, മനുഷ്യനു ബൈബിൾ നൽകിയ നീതിമാനാണ്, പ്രവചനങ്ങൾ നിവൃത്തിച്ചുകൊണ്ട് മനുഷ്യനായിത്തീർന്ന പ്രവചന പുരുഷനാണ്.

സ്രഷ്ടാവും സർവ്വശക്തിമാനും സർവ്വജ്ഞനും സർവ്വവ്യാപിയും നിത്യനും നീതിമാനും പരിശുദ്ധനും ആരാധ്യനുമായ ദൈവമാണെങ്കിൽ എന്തുകൊണ്ടു തച്ചനായി ജീവിക്കേണ്ടിവന്നു.? എന്തുകൊണ്ടു ശമര്യാസ്ത്രീയോടു കുടി വെള്ളം ചോദിക്കേണ്ടിവന്നു? എന്തുകൊണ്ടു ബന്ധിതനാകേണ്ടിവന്നു? എന്തുകൊണ്ടു നിസ്സഹായനായി? എന്തുകൊണ്ട് സർക്കാരിന്റെ ശിക്ഷയ്ക്കുവിധേയനായി കുരിശുമരണം അനുഭവിക്കേണ്ടിവന്നു? പലരുടേയും മനസ്സിലെ ഉത്തരമില്ലാത്ത ചേദ്യങ്ങളാണിവ അതിനുത്തരമാണീ പുസതകം.

## മനുഷ്യാവതാര ലക്ഷ്യം

പാപികളായ മനുഷ്യവർഗ്ഗത്തിന്റെ ശിക്ഷ അനുഭവിച്ചുകൊണ്ടു രക്ഷാമാർഗ്ഗം ഒരുക്കുന്നതിന്റെ ഭാഗമായാണേശു മരിച്ചത്. 30 വെള്ളിക്കാശിന് ഒറ്റിക്കൊടുക്കപ്പെടുകയും കൈകാലുകൾ തുളയ്ക്കപ്പെടുകയും മരത്തിൽ തൂക്കപ്പെടുകയും ചെയ്തെങ്കിലും മനുഷ്യരല്ല ഈ മരണത്തിനുത്തരവാദികൾ. പിതാവ് പുത്രനെ പ്രായശ്ചിത്തമായി ബലിയർപ്പിക്കുകയായിരുന്നു. അതിന്റെ വിധങ്ങളെല്ലാം ബൈബിളിൽ പ്രവചനങ്ങളായി കാണാം (യെശ. 53:10, സെഖ. 11:12-13, സങ്കീ. 22:16).

യേശുവിന്റെ രക്ഷാപദ്ധതിയുടെ ഗുണഭോക്താക്കൾ പിതാവായ ദൈവത്തെ എങ്ങനെ അനുസരിച്ചു ജീവിക്കണമെന്നതിനു മാതൃക കാട്ടാനാണവിടുന്നു 33 വർഷത്തോളം പരസ്യജീവിതം നയിച്ചത്. അതും ജഡധാരണത്തിന്റെ ഉദ്ദേശ്യത്തിൽപ്പെടും (1 പത്രോ 2:21).

മരണശേഷം മനുഷ്യനു ജീവിതമുണ്ടെന്നുള്ള സത്യം തെളിയിച്ചു കാണിക്കുകയായിരുന്നു മൂന്നാമത്തെ ഉദ്ദേശ്യം. അതിനാണേശു മരിച്ചിട്ടുയിർത്തത് (അപ്ര. 17:31)!

## നിരീശ്വരരും സ്വർഗ്ഗത്തിലേയ്ക്കോ?

മനുഷ്യന്റെ അനുസരണക്കേടിനുള്ള ശിക്ഷയായി ദൈവം വിധിച്ചത് മരണമായിരുന്നു. ശരീരത്തിൽ നിന്നും ജീവൻ പോകുന്ന കാര്യം മാത്രമാണിതിന്റെ വിവക്ഷ എന്നാണു ചിലർ മനസ്സിലാക്കിയിരിക്കുന്നത്. മരണത്തോടെ സകല ശിക്ഷകളും തീരുന്നതിനാൽ നിരീശ്വരവാദികളും സ്വർഗ്ഗത്തിൽ പോകും എന്നു അടക്കം പറഞ്ഞിരുന്നവർ അത് പ്രഖ്യാപനങ്ങളാക്കാൻ തുടങ്ങിയിരിക്കുന്നു. നിരീശ്വരർ വെറുത്തിരുന്നതിനാൽ ഒരിക്കൽപോലും ആശ്രയിക്കുകയോ ആരാധിക്കുകയോ ചെയ്യാത്ത ദൈവത്തോടുകൂടെ നിത്യകാലം കഴിയണം പോലും! കൊന്നവനും കൊലചെയ്യപ്പെട്ടവനും മോഷ്ടിച്ചവനും മോഷ്ടിക്ക

പ്പെടുന്നവനും ക്രൈസ്തവ രക്തസാക്ഷിയും ക്രിസ്തുവിരോധിയും ഒരുമിച്ചു സ്വർഗ്ഗത്തിൽ! ലവലേശം നീതിബോധമുള്ളവർക്കങ്ങനെ ചിന്തിക്കാൻ പോലും സാധിക്കയില്ല.

എങ്കിൽ ദൈവം നോഹയുടെ കാലത്തു വെള്ളംകുടിച്ചു മരിച്ചവരോടും ലോത്തിന്റെ കാലത്തു തീ വീണുമരിച്ചവരോടും ഒക്കെ ക്ഷമ പറയേണ്ടിവരുമല്ലോ?

ശരീരത്തിൽനിന്നു ജീവൻ പോകുന്നതോടെ എല്ലാത്തിനും തിരശ്ശീല വീഴുന്നില്ല. മരണം എന്നാൽ ജീവൻ പോകുന്ന കാര്യം മാത്രവുമല്ല. മരണം വേർപാടാണ്. ഒന്നല്ല മൂന്നു വേർപാടുകൾ!

## മരണം മൂന്നു വേർപാടുകൾ

ഒന്നാമത്തെ വേർപാടു ഇഹലോകവാസം വെടിയുന്നതല്ല. ദൈവം ആദാമിനോടു വിലക്കപ്പെട്ട കനി തിന്നുന്ന നാളിൽ മരിക്കുമെന്നു മുന്നറിയിപ്പു നൽകിയിരുന്നു. തിന്നു; പക്ഷെ ജീവൻ പോയില്ല. 930 വർഷം ജീവിച്ചിരുന്നു. എന്നാൽ പഴം ഭക്ഷിച്ച നിമിഷം തന്നെ ആത്മീയ മരണം സംഭവിച്ചിരുന്നു. തേജോമയനായ ദൈവത്തോടുണ്ടായിരുന്ന സാത്വിക, സാരൂപ്യ സായൂജ്യസംബന്ധമാണു ആത്മീയ മരണത്തിലൂടെ നഷ്ടപ്പെട്ടത്. മനുഷ്യൻ പാപിയായി. തേജസ്സില്ലാത്തവനായി. തേജസ്സ് ദൈവത്തിനു മാത്രമായി തേജസ്സുള്ള ദൈവത്തിൽനിന്നു മനുഷ്യൻ വേർപെട്ടു. ഈ വേർപാടാണു ഒന്നാം മരണം.

കുറച്ചോ കൂടുതലോ വർഷങ്ങൾ ശാപവും പേറി ജീവിക്കുന്ന മനുഷ്യനിൽ നിന്നും ഒരിക്കൽ ആത്മാവ് വേർപെടുന്നു. അതാണു ശാരീരിക മരണം. ആത്മാവ് അതിനെ മനുഷ്യനിൽ പ്രവേശിപ്പിച്ച ദൈവസന്നിധിയിലേക്കാണു മടങ്ങിച്ചെല്ലുന്നത്. ശരീരം ഭൂഗോളത്തിൽ ലയിക്കുന്നു (സഭാ പ്രസംഗി 12:7) ദൈവസന്നിധിയിൽ രണ്ടു സ്ഥലമുണ്ട്. ഭൂമിയിൽ വച്ചു ആത്മരക്ഷ നേടിയവർക്കു ആശ്വാസ സ്ഥലവും അല്ലാത്തവർക്കു യാതനാ സ്ഥലവും.

മൂന്നാമതൊരു വേർപാടു കൂടെയുണ്ട്. മരിച്ച സകലരുടെയും ആത്മാക്കൾ മടങ്ങിവന്ന് വീണ്ടും ശരീരം പ്രാപിക്കും. സമാധിദിശയിലുള്ള പുഴു ചിത്രശലഭമാകുന്നതുപോലെ. അതാണു പുനരുത്ഥാനം. അതുന്യായവിധിക്കുവേണ്ടിയാണ്. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു (എബ്രാ 9:27).

നിത്യകാലം സ്വർഗ്ഗത്തിൽ ദൈവത്തോടൊത്തു സന്തോഷം അനുഭവിച്ചു ജീവിക്കാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യർ പാപികളായതു കൊണ്ടാണീ നിത്യ വേർപാട് അഥവാ നിത്യമരണം. ഭൂമിയിൽവച്ചു ആത്മരക്ഷനേടിയശേഷം മരിക്കുന്നവർ മാത്രം സ്വർഗ്ഗത്തിലേക്കു പോകാൻ ആദ്യം പുനരുത്ഥാനം പ്രാപിക്കും. ഭൂമിയിൽവച്ച് ആത്മരക്ഷ നേടാതെ മരിച്ചവർ എത്ര നല്ലവരായിരുന്നാൽപോലും നരകത്തിലേക്കു പോയി പാപങ്ങൾക്കു തക്കവണ്ണം നിത്യശിക്ഷ ഏൽക്കുവാനാണു പിന്നീട് പുനരുത്ഥാനം പ്രാപിക്കുന്നത്. നിത്യസ്വർഗ്ഗത്തിൽനിന്നു വേർപെട്ട് നിത്യനരകം അനുഭവിക്കുന്നു. ഈ മൂന്നു വേർപാടുകളോ ടെയാണു മരണം പൂർണ്ണമാകുന്നത്.

സകല മനുഷ്യരും ജന്മനാതന്നെ ഈ മൂന്നു വേർപാടാകുന്ന മരണത്തിനവകാശികളാണ്. നീതിമാൻ ആരുമില്ല. ഇങ്ങനെയുള്ള മനുഷ്യനു സാധിക്കേണ്ടത് ഈ മൂന്നു വേർപാടാകുന്ന മൂന്നു മരണത്തിനു പരിഹാരമാണ്.

## മൂന്നു വേർപാടിനുള്ള പരിഹാരം

ഒന്നാമത് ദൈവവുമായി നഷ്ടപ്പെട്ട ബന്ധം പുനസ്ഥാപിക്ക പ്പെടണം. ദൈവവുമായി ഒന്നാകണം. ദൈവമക്കളാകണം. രണ്ടാമത് മരിക്കുമ്പോൾ യാതനാസ്ഥലത്തു പോകാനിടയാകാതെ ആശ്വാസ സ്ഥലത്തു പോകാൻ കഴിയണം. അതായത് മരണം ഒരിക്കൽ ഉണരുവാനുള്ള നിദ്ര മാത്രമാകണം. മൂന്നാമത് പുനരുത്ഥാനത്തിൽ ഉണർന്ന് നിത്യസ്വർഗ്ഗം പൂകണം.

സാധാരണ മനുഷ്യർക്കു മാത്രമല്ല മതനേതാക്കൾക്കുപോലും മനുഷ്യന്റെ ശാപവും ശിക്ഷയും എന്താണെന്നറിഞ്ഞുകൂടാ. മനുഷ്യനു സാധിക്കേണ്ടതെന്താണെന്നറിഞ്ഞുകൂടാ. എന്താണു പ്രതിവിധി യെന്നും അറിഞ്ഞുകൂടാ.

ആത്മരക്ഷയെക്കുറിച്ചറിയാമെന്നു ഭാവിക്കുന്ന പലരും പറയുന്നതു ക്രിസ്തു മനുഷ്യന്റെ രക്ഷയ്ക്കായി മരിച്ചു എന്നാണ്. അങ്ങനെ ബൈബിൾ വാക്യമുണ്ടെങ്കിലും അത് വ്യാഖ്യാനിച്ചു കൊടുക്കുന്നി ല്ലെങ്കിൽ കീറാമുട്ടിയാണ്. ഊരാക്കുടുക്കാണ്. ക്രിസ്തുവിന്റെ ശരീരത്തിൽ നിന്നു ജീവൻ പോയാൽ മനുഷ്യവർഗ്ഗത്തിനെങ്ങനെ ആത്മരക്ഷയുണ്ടാകും എന്ന ചോദ്യമുയരും. ഇവിടെയാണു മരണമെന്ന മൂന്നൂ വേർപാടിനു പ്രസക്തിയുള്ളത്.

## ക്രിസ്തു മൂന്നു വേർപാടുകൾ സഹിക്കുന്നു

ദൈവമായ ക്രിസ്തു മനുഷ്യന്റെ മൂന്നു വേർപാടുകളും മനുഷ്യനു പകരം അനുഭവിച്ചാലേ അതു രക്ഷാമാർഗ്ഗമാകുന്നുള്ളൂ. അതു യുക്തിഭദ്രമാണ്. മനുഷ്യനെ സ്നേഹിച്ച ക്രിസ്തു അതിനു തയ്യാറായി. അതാണു സുവിശേഷം.

പരിശുദ്ധനായ ക്രിസ്തു ഒന്നാമത് നമ്മുടെ ആത്മീയ മരണം ഏറ്റെടുത്തു, അഥവാ ദൈവത്തിൽനിന്നും വേർപെട്ട് ഏകനായി, ക്രൂശിൽ മരിക്കുന്നതിനു മുമ്പായിരുന്നു അത്. അപ്പോഴാണു ക്രിസ്തു നിലവിളിച്ചത്. "എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്"?

നിത്യനായ ക്രിസ്തു ശാരീരികവും മാനസികവുമായി അനുഭവിച്ച വേദനയും ദാഹവും ഇരുട്ടും നിത്യനരകത്തിന്റെ പ്രതീകങ്ങളായിരുന്നു. നരകത്തിലുള്ളത് വേദനയും ദാഹവും ഇരുട്ടും നിലവിളിയുമാണല്ലോ? ദൈവത്തോടു കൂടെയുള്ള സ്വർഗ്ഗീയ സന്തോഷത്തിൽ നിന്നു വേർപെട്ടതിനാലുള്ള നരകയാതനയായിരുന്നു അത്.

അവസാനമായി ക്രിസ്തുവിന്റെ ശരീരത്തിൽനിന്നും ആത്മാവ് വേർപെട്ടു. പിതാവേ ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഭരമേല്പിക്കുന്നു എന്നു പറഞ്ഞിട്ട് ശാരീരികമായി മരിച്ചു.

സ്വശരീരത്തിൽ വേറെ ഒരാളിന്റെയെങ്കിലും മൂന്നു മരണങ്ങളും അനുഭവിക്കാൻ യോഗ്യതയുള്ള ആരും ഇല്ലായിരുന്നു. സാമൂഹ്യ പ്രവർത്തകരും ധാർമ്മികരും സർവ്വസംഗ പരിത്യാഗികളും ഉപദേഷ്ടാക്കളുമുണ്ടെങ്കിലും അവരൊക്കെ ആത്മീയമായി മരിച്ചവരായതുകൊണ്ട് കാലാകാലങ്ങളിൽ ശാരീരിക മരണവും തദനന്തരമുള്ള നിത്യമരണവും കാത്തിരിക്കുന്നവരാണ്.

ക്രിസ്തു സ്രഷ്ടാവായ പരിശുദ്ധ ദൈവമായതുകൊണ്ടു തന്റെ സൃഷ്ടികളായ മുഴുവൻ മനുഷ്യരുടേയും 3 മരണങ്ങളും ഏറ്റെടുത്തു മരിച്ച് ഉയിർത്തു ജീവിക്കുന്നു. അതാണു യഥാർത്ഥ ദൈവസ്നേഹം. മറ്റാരും സഹായിക്കാനില്ലാത്ത നിസ്സഹായാവസ്ഥയിൽ നമ്മെ സഹായിക്കാൻ ക്രിസ്തുവിനു മനസ്സായി. ക്രിസ്തു നമ്മെ ത്യാഗപൂർണ്ണമായി സ്നേഹിച്ച സ്ഥിതിക്ക് നാം എന്താണു ചെയ്യേണ്ടത്? ആ സ്നേഹം ഉൾക്കൊണ്ട് ക്രിസ്തുവിനെ പകരം സ്നേഹിക്കുക.

## മനുഷ്യൻ സ്നേഹിക്കേണ്ട വിധം

മനുഷ്യനെ സ്നേഹിച്ച ക്രിസ്തുവിനെ പകരം സ്നേഹിക്കുക എന്നാൽ പകരം മരിക്കുക എന്നല്ല; പകരം ജീവിക്കുക എന്നാണ്. സ്വയത്തിനു മരിക്കണം. പാപ സംബന്ധമായി മരിക്കണം. (റോമർ 6:2, ഗലാ 2:20). ക്രിസ്തുവിനായി ജീവിക്കുവാൻ സമർപ്പണം ചെയ്യണം (റോമ 12:1)

ഇതെത്രയോ ലളിതമാണെന്നു തോന്നിയേക്കാം. അല്ല സ്നേഹം മരണംപോലെ ഘനതരമാണ്. സ്വമനസ്സാ ഒരാളെ പ്രണയിക്കുന്ന ആളോട് അയാളെവിട്ട് മറ്റൊരാളെ പ്രണയിക്കാൻ പറയാനാകുമോ? അത് സംഭവ്യമാണോ? എളുപ്പമല്ല.

ചെറുപ്പം മുതൽ ദൈവമെന്നു സങ്കല്പിക്കുന്ന ആരാധനാ മൂർത്തിയെ ഉപേക്ഷിച്ച് മറ്റൊരു ദൈവത്തെ സ്നേഹിക്കുക സാദ്ധ്യ മാണോ? അതും 33 വർഷം മനുഷ്യനായി ജീവിച്ചയാളെ ദൈവമായി വിശ്വസിച്ചു സ്നേഹിക്കുക എളുപ്പമാണോ? യേശുവിനെ സ്നേഹിക്കു ന്നതിനു മാതാപിതാക്കളോ ബന്ധുക്കളോ സുഹൃത്തുക്കളോ തടസ്സം നിന്നാൽ അവരെ വെറുക്കണം. യേശുവിനെ അനുസരിച്ചാരാധിക്കണം. യേശുവിനെ മാത്രം.!

സ്നേഹം രണ്ടക്ഷരമേ അതിനുള്ളെങ്കിലും ആറ്റം ബോംബിനെ ക്കാൾ ശക്തമാണത്. ക്രിസ്തു 2000 വർഷം മുമ്പ് കാൽവരിമലയിൽ മനുഷ്യവർഗ്ഗത്തെ സ്നേഹിച്ചതിന്റെ സ്ഫോടനശക്തി ഇന്നും നിലച്ചി ട്ടില്ല. അതുകൊണ്ട് നാമും സ്ഫോടനാത്മകമായി ക്രിസ്തുവിനെ സ്നേഹിക്കണം. ക്രിസ്തുവി നോടുള്ള സ്നേഹം തിങ്ങിവിങ്ങി അണപൊട്ടുന്നവർക്കേ അതു സാധിക്കൂ. അവർ പാപങ്ങളോടൊപ്പം പാപത്തിനു പരിഹാരം നൽകുവാൻ കഴിയാതിരുന്ന മതത്തെയും സകല അവിശുദ്ധ കൂട്ടുകെട്ടുകളെയും ഉപേക്ഷിക്കും. ക്രിസ്തുവിന്റെ ആളുകളോ കൂട്ടുകൂടും. കാരണം അവർ ശവക്കുഴിക്കപ്പുറത്തും സ്നേഹിത രാണ്.

ക്രിസ്തു പറഞ്ഞു: “ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു”. ഭൂമിയിൽ സമാധാനം നൽകുവാൻ ഞാൻ വന്നിരിക്കുന്നു എന്നു തോന്നുന്നുവോ? അല്ലല്ല. ഛിദ്രം വരുത്തുവാനത്രേ എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇനി മേൽ ഒരു വീട്ടിൽ ഇരുവരോടു മൂവരും മൂവരോടു ഇരുവരും ഇങ്ങനെ അഞ്ചുപേർ തമ്മിൽ ഛിദ്രിച്ചിരിക്കും. അപ്പൻ മകനോടും മകൻ അപ്പനോടും അമ്മ മകളോടും അമ്മാവിയമ്മ

മരുമകളോടും മരുമകൾ അമ്മാവിയമ്മയോടും ഛിദ്രിച്ചിരിക്കും (ലൂക്കോ 12:49-53) ക്രിസ്തുവിനെ കുടുംബത്തിലൊരാൾ സ്നേഹിക്കാൻ തയ്യാറായാൽ തീ വീഴുമ്പോഴും യുദ്ധം ഉണ്ടാകുമ്പോഴും സംഭവിക്കുന്ന പരിഭ്രമങ്ങൾക്കു തുല്യം സംഭവിക്കുമെന്നാണ് ക്രിസ്തു അർത്ഥശങ്ക ക്കിടയില്ലാതെ വ്യക്തമാക്കിയത്. അതാണു രണ്ടു സഹസ്രാബ്ദ ങ്ങളിലെ ക്രൈസ്തവ സഭാചരിത്രം.

## ഭീരുക്കൾ വരുത്തുന്ന നഷ്ടം

ക്രിസ്തു മാത്രമാണു ത്യാഗം സഹിച്ചു യാഗമായി രക്ഷയൊരുക്കി യതെന്നു ബോദ്ധ്യമായിട്ടും ക്രിസ്തുവിനെ സ്നേഹിക്കാനും അനുസരിക്കാനും ക്രിസ്തുവിനായി ജീവിക്കാനും ലജ്ജിക്കുന്നവരുണ്ട്. നിലവിലുള്ള മതബന്ധവും കൂട്ടുകെട്ടും ഇല്ലാതെ വരുന്നത് വലിയ നഷ്ടമായിരിക്കും എന്നവർ കണക്കു കൂട്ടുന്നു. പശ്ചാത്തലങ്ങളിൽ നിന്നുണ്ടാകാനിടയുള്ള ഉപരോധങ്ങളെയും ഉപദ്രവങ്ങളെയും അവർ ഭയപ്പെടുകയും ചെയ്യുന്നു.

കർത്താവിനെ സ്നേഹിക്കുന്നവർക്കു ധനനഷ്ടം, മാനഹാനി, ദേഹോപദ്രവം തുടങ്ങിയവയുണ്ടാകാനിടയുണ്ട്. എന്നാലവരുടെ സത്യത്തിനായുള്ള ചങ്കുറപ്പ് കുടുംബാംഗങ്ങളേയും ബന്ധുക്കളേയും സത്യാന്വേഷികളേയും ക്രിസ്തുവിലേക്കാകർഷിക്കാൻ കാന്തംപോലെ സഹായിക്കും. അങ്ങനെ അനേകം വ്യക്തികളേയും കുടുംബങ്ങളേയും അജ്ഞതയിൽനിന്നും ചൂഷണത്തിൽനിന്നും ആത്മഹത്യയിൽനിന്നും കരപറ്റിക്കാനവർക്കാകും. ഒരു വാക്കുപോലും പ്രസംഗിക്കാതെ തന്നെ...! യേശുവിന്റെ മഹത്വം പിതാവായ ദൈവം വളരെക്കുറച്ചുപേർക്കു മാത്രമേ മനസ്സിലാക്കിക്കൊടുത്തിട്ടുള്ളു. ആത്മീയ ജീവിതത്തിനു സംരക്ഷണം തരുവാൻ യേശുവിനു ശക്തിയുണ്ടാകില്ല എന്നു സംശയിച്ചു പുറംതിരിയുന്നവർ വരുത്തിവയ്ക്കുന്ന നഷ്ടം വലുതായിരിക്കും. പിന്നീട് ഏറെ ദുഃഖിക്കും.

## സങ്കല്പ ദൈവങ്ങൾ

തങ്ങളുടെ കുലദൈവം നാളിതുവരെ തുണച്ചിരിക്കെ ആ ദൈവത്തെ ഉപേക്ഷിച്ചു ക്രിസ്തുവിനെ സ്വീകരിക്കുന്നതു നന്ദികേടല്ലേ എന്നു ചിലർ ചോദിക്കുന്നു. സൃഷ്ടിച്ചതു കുലദൈവമല്ലല്ലോ? വായുവും വെള്ളവും വെളിച്ചവും ചൂടും തണുപ്പും ഭക്ഷണവും വസ്ത്രവും പാർപ്പിടവും രോഗസൗഖ്യവും നൽകുന്നത് കുലദൈവമാണോ?

സ്രഷ്ടാവും പരിപാലകനും ന്യായാധിപനുമായ സാക്ഷാൽ ദൈവമല്ലെ എല്ലാം തരുന്നത്? ഐതീഹ്യങ്ങളുടെ സൃഷ്ടികളായ കുലദൈവങ്ങളെല്ലാം സങ്കല്പ ദൈവങ്ങളാണ്. കാലാകാലങ്ങളിൽ ഓരോ കുലവും ഓരോ സങ്കല്പ ദൈവവുമായി വ്യത്യസ്തമായതാണ്. മതവും ജാതിയും ഉപജാതിയും കുലവും ദൈവസൃഷ്ടിയല്ല മനുഷ്യ സൃഷ്ടിയാണ്. ആധുനിക കാലത്തും ചില മിടുക്കർ സ്വയം ദൈവമായി ചമഞ്ഞ് ജനങ്ങളെ പിന്നാലെ കൂട്ടാറുണ്ട്. ചിലർ പിടിക്കപ്പെടുന്നുമുണ്ട്. പ്രാർത്ഥിക്കാനും വണങ്ങാനും നിലവിലുള്ളവർ പോരാഞ്ഞിട്ട് ശവക്കുഴിമാന്തി പുതിയ പുതിയ ആരാധനാമൂർത്തികളെ സൃഷ്ടിക്കുന്നവരുമുണ്ട്. മനുഷ്യന്റെ സൃഷ്ടികളേയോ ദൈവത്തിന്റെ സൃഷ്ടികളെയോ അല്ല സ്രഷ്ടാവിനെ മാത്രമാണ് വന്ദിക്കേണ്ടത്. സ്രഷ്ടാവിനോടു മാത്രമാണ് പ്രാർത്ഥിക്കേണ്ടത്.

## സ്രഷ്ടാവിന്റെ മനുഷ്യാവതാരം

യേശു സ്രഷ്ടാവായതുകൊണ്ടാണ് സർവ്വ സൃഷ്ടികളെയും നിയന്ത്രിച്ചത്. കാറ്റും, കടലും, മത്സ്യങ്ങളും, മൃഗങ്ങളും, മരങ്ങളും, മനുഷ്യരും, മരിച്ചവരും യേശുവിനെ അനുസരിച്ചു. സമീപിച്ച രോഗികൾ ക്കെല്ലാം സൗഖ്യം. വെള്ളത്തെ വീഞ്ഞാക്കിയതും 5 അപ്പത്തെ വർദ്ധിപ്പിച്ച് 5000 പേർക്കു നൽകിയതും കടലിനുമീതെ നടന്നതും മരിച്ചവരെ മടക്കിവരുത്തിയതും താൻ സ്രഷ്ടാവായതു കൊണ്ടാണ്.

പ്രവാചകരൊക്കെ ദൈവത്തിന്റെ അരുളപ്പാടുകൾ കൈമാറുക മാത്രം ചെയ്തപ്പോൾ "ഞാനോ നിങ്ങളോടു പറയുന്നത്" എന്ന സ്രഷ്ടാവിന്റെ സ്വരമായിരുന്നു. നസറേത്തിലെ കന്നി പ്രസംഗം മുതൽ. പക്ഷേ നേതാക്കൾക്ക് അസൂയ തോന്നുംവിധം ശ്രോതാക്കൾ ക്രമപ്രവൃദ്ധമായതേയുള്ളു.

താൻ മരിച്ചിട്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേല്ക്കുമെങ്കിലും ദൈവമില്ലാത്ത യേശുശലേം ദൈവാലയം ഇടിക്കപ്പെടുകയും ഒരുനാളും പണിയപ്പെടാതിരിക്കുകയും ചെയ്യും എന്നു പ്രവചിച്ചത് യാഥാർത്ഥ്യ മായി. യേശു സർവ്വ വ്യാപിയായതുകൊണ്ട് തന്നിൽ വിശ്വസിക്കുന്ന വർക്ക് തന്റെ സജീവ സാന്നിദ്ധ്യം അനുഭവേദ്യമാണ്.

## ജോസഫും മറിയമും സർവ്വ വ്യാപികളോ?

ദൈവീകത്രിത്വം പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്. എന്നാലത് ഒരു സ്ത്രീയും രണ്ടു പുരുഷന്മാരുമായ ഈശോ മറിയം

ഔസേപ്പാണെന്നു ധരിച്ചുവശായിരിക്കുന്നവരാണു യോസേഫും മറിയവും സർവ്വ വ്യാപികളാണെന്നു പറയുന്നത്. ഇങ്ങനെ പറയുന്നവർ പുത്രന്റെ സർവ്വവ്യാപകത്വം തത്വത്തിൽ അംഗീകരിക്കുന്നില്ല. പുത്രൻ തമ്പുരാനോടപേക്ഷിക്കണമേ എന്നാണു മറിയത്തോടു പ്രാർത്ഥിക്കുന്നത്. പുത്രൻ സർവ്വ വ്യാപിയായിട്ടുണ്ടെങ്കിൽ ഏതു ഹീനപാപിയേയും രക്ഷിക്കാൻ വന്ന സ്നേഹനിധിയായ പുത്രനോട് പ്രാർത്ഥിച്ചാൽ പോരെ? ക്രൂശിലെ കള്ളൻ പ്രാർത്ഥിച്ചതുപോലെ എന്നെ ഓർക്കണമേ എന്നു പറഞ്ഞാൽ പോരെ? എന്തു ചെയ്യാം? പുത്രനിവിടെ ഇല്ല, സ്വർഗ്ഗത്തിലാണുപോലും! മറിയം ഇവിടെയുണ്ട്. ആരോ വരച്ചുവച്ച സ്ത്രീരൂപത്തിനടിയിൽ മറിയം എന്നെഴുതിവച്ചിട്ട് പ്രാർത്ഥിച്ചാൽ മതി. അങ്ങനെ പ്രാർത്ഥിക്കുന്ന സഭക്കാരുടെ മൊത്തം പേരുവിവരം മറിയം സ്വർഗ്ഗത്തിലുള്ള പുത്രനു കൊടുത്തുകൊള്ളും.

## യേശുവിന്റെ കന്യകാ ജനനം:

മറിയത്തിന്റെ ജീവിത വിശുദ്ധികൊണ്ടു മുളച്ചുവന്ന ഒരു ചെറിയ ദൈവമാണേശുഎന്നും യേശുവിന്റെ ജനനത്തിനു കാരണമായ മറിയത്തിന് യേശുവിനേക്കാൾ സ്ഥാനമുണ്ടെന്നും വിശ്വസിക്കുന്നവരാണ് മറിയത്തോടു പ്രർത്ഥിക്കുന്നത്.

സ്രഷ്ടാവായ ദൈവപുത്രൻ മനുഷ്യനാകാനാഗ്രഹിച്ചപ്പോൾ മാനുഷികമായ കുറവുകളുള്ള കന്യകമാരിൽ ഒരാളെ തെരഞ്ഞെടുത്തു. അതാണു കൃപ അല്ലെങ്കിൽ ഭാഗ്യം. അവളതിനു സമ്മതിച്ചു. മറിയം നന്മയോ കൃപയോ നിറഞ്ഞവളല്ല. കൃപ ലഭിച്ചവളാണ്. കൃപയുടെ നിറവായ യേശുവാണ് കൃപ നൽകിയത് (യോഹ 1:14-17). ഉപ്പോളം വരുമോ ഉപ്പിലിട്ടത്? യേശുവിനെ വിശ്വസിക്കുന്ന മുഴുവൻ വിശ്വാസികളും മറിയത്തിനും പത്രോസിനും പൗലോസിനും തുല്യം കൃപ ലഭിച്ചവരാണ് (എഫെ. 2:8) കൃപ ലഭിച്ച വിശ്വാസികൾ ആരും ആരാധ്യരല്ല. മറിയയും ആരാധ്യയല്ല. ആരാധന സ്വീകരിക്കാൻ മറിയം ഭൂമിയിലില്ല. കാരണം സർവ്വവ്യാപിയല്ലല്ലൊ? യേശു മാത്രമാണു പറഞ്ഞത്. ഞാനോ ലോകാവസാനത്തോളം നിങ്ങളോടുകൂടെ ഉണ്ട്.

ആരാധ്യനായ ദൈവപുത്രൻ സർവ്വശക്തിയാൽ ഒരണുവോളം ചെറുതായി. ഒരു കന്യകയുടെ ഗർഭാശയത്തിലേക്കു വന്നു. ഭൂമിയിൽ വളർന്നതുപോലെ ഗർഭാശയത്തിലും വളർന്നു.

കല്ലറയുടെ കല്ലുമാറ്റാതെയാണേശു ഉയിർത്തത്. പിന്നീട് ഒരു ദൂതൻ കല്ലുമാറ്റുകയായിരുന്നു. അന്നു രാത്രി വാതിൽ തുറക്കാതെയാണേശു ശിഷ്യന്മാരുണ്ടായിരുന്ന മുറിയിലെത്തിയത്. ജഡധാരണവും അങ്ങനെതന്നെ.

യേശു മനുഷ്യരുപമെടുക്കുവാനും ദാവീദുവംശത്തിൽ യഹൂദ ഗോത്രത്തിൽ പ്രവചന പ്രകാരം ജനിക്കുവാനുമാണ് കന്യകയുടെ ഗർഭാശയത്തിലേക്കു വന്നത്. എന്നാൽ ആ സ്ത്രീയിൽനിന്നു മാംസവും രക്തവും സ്വീകരിക്കേണ്ടതില്ലായിരുന്നു. കാരണം യേശുവിന്റെ ശരീരം ഈ സൃഷ്ടിയിൽ ഉൾപ്പെടാത്ത വലിപ്പവും തികവുമേറിയ കൂടാരമാണ് (എബ്രാ 9:11). അതു മൺകൂടാരമല്ല വിൺകൂടാരമാണ്. മൺകൂടാര മായിരുന്നെങ്കിൽ മണ്ണോടു മണ്ണാകുമായിരുന്നു. സ്വർഗ്ഗീയ ശരീരമായിരു ന്നതുകൊണ്ട് ശരീരത്തോടെ ഇന്നും സ്വർഗ്ഗത്തിൽ ജീവിക്കുന്നു (1 കൊരി 15:14).

യേശു പറഞ്ഞു: "നിങ്ങൾ ലോകത്തിൽ നിന്നുള്ളവർ. ഞാൻ ലോകത്തിൽനിന്നുള്ളവനല്ല. നിങ്ങൾ കീഴിൽനിന്നുള്ളവർ ഞാൻ മേലിൽ നിന്നുള്ളവൻ" (യോഹ 8:23). ഇത് ആത്മാവിന്റെ കാര്യം മാത്ര മല്ല. എല്ലാവരുടേയും ആത്മാവ് മേലിൽനിന്നാണ്. എന്നാൽ നമ്മുടെ ശരീരം കീഴിൽനിന്നും യേശുവിന്റെ ശരീരം മേലിൽനിന്നുമായിരുന്നു.

യേശുവിന്റെ ശരീരം മറിയത്തിന്റെ ശരീരത്തിന്റെ ഭാഗമായ മണ്ണായിരുന്നെങ്കിൽ പാപമുണ്ടാകുമായിരുന്നു. മനുഷ്യന്റെ ശിക്ഷ മനുഷ്യനു പകരം ഏറ്റെടുക്കാനുള്ള പരിശുദ്ധി ആ ശരീരത്തിനുണ്ടാകു മായിരുന്നില്ല.

യേശുവിന്റെ രക്തവും മറിയത്തിൽ നിന്നായിരുന്നില്ല. യേശുവിന്റെ രക്തം മാത്രം പുണ്യാഹരക്തമാണ് (എബ്രാ 12:24). അതുകൊണ്ടാണത് പ്രായശ്ചിത്തത്തിനു പര്യാപ്തമായത്. മറിയത്തിന്റെ രക്തം പരിശുദ്ധ മായിരുന്നെങ്കിൽ മറിയം രക്തം ചിന്തി മരിച്ചാൽ പ്രായശ്ചിത്ത മാകുമായിരുന്നു. യേശുവന്നു മരിക്കേണ്ടിവരുമായിരുന്നില്ല.

യേശു പരിശുദ്ധ ദൈവമായതുകൊണ്ട് പ്രായശ്ചിത്തമായി യാഗമരണം വരിച്ചശേഷം ഉയിർത്ത് അദൃശ്യനും സർവ്വവ്യാപിയുമായി ജീവിക്കുന്നു. യേശുവിന്റെ സുവിശേഷം കേട്ടു യേശുവിനെ ദൈവമായി വിശ്വസിച്ചു ജീവിച്ചു മരിച്ചവർ പറുദീസയിലും വിശ്വസിക്കാതെ മരിച്ചവർ യാതനാസ്ഥലത്തുമാണ്. അവരുടെ രണ്ടുകൂട്ടരുടെയും ആത്മാക്കൾ ഭൂമിയിലില്ല.

## ആരെ ആരാധിക്കരുത്

യേശുവിന്റെ ഐഹികജീവിതകാലത്ത് തനിക്ക് ഉപയോഗപ്പെട്ട പലതും പലരുമുണ്ട്. കഴുത യേശുവിനെ ചുമന്നു. കഴുതയുടെ പടംവരച്ചു വച്ച് ആരാധിക്കേണ്ട. പടകിലിരുന്നു യേശു യാത്ര ചെയ്യുകയും പ്രസംഗിക്കുകയും ചെയ്തു. പടകിനെ ആരാധിക്കരുത്. യേശു കുരിശിൽ തൂങ്ങിമരിച്ചു. കുരിശുരൂപമുണ്ടാക്കി വണങ്ങുകയോ കഴുത്തിൽ തൂക്കി നടക്കുകയോ അരുത്. ക്രൂശ് എടുത്തനുഗമിക്ക എന്നാലർത്ഥം വേറെയാണ്. ഒരാൾക്ക് ഒരിക്കലേ ക്രൂശ് ചുമക്കേണ്ട തുള്ളു. ക്രൂശിച്ചുകൊല്ലാൻ വിധിക്കപ്പെടുന്നവർ ആ ക്രൂശ് എടുത്തു കൊലക്കളത്തിലേക്കു പോകണം. യേശുവിനെ അനുഗമിക്കാനിച്ഛിക്കു ന്നവർക്ക് ക്രൂശിച്ചു കൊല്ലാൻ വിധിക്കപ്പെട്ടവരുടെ മനോഭാവമായിരി ക്കണമെന്നാണു വിവക്ഷ. സാങ്കല്പിക ക്രൂശ് തോളിലുണ്ടായിരിക്കണ മെന്നാണ്.

യേശുവിനെ കുന്തംകൊണ്ട് കുത്തി. കുന്തരൂപവും ധരിക്കേണ്ട തില്ല. കല്ലറയിലടക്കപ്പെട്ടത്കൊണ്ട് കല്ലറയുടെ രൂപമുണ്ടാക്കി വന്ദിക്കേണ്ടതില്ല. യാതൊരു നിർജ്ജീവ വസ്തുവിനേയും വണങ്ങരുത്. ഒരു മനുഷ്യ സ്ത്രീയായ മറിയ യേശുവിനെ ഉദരത്തിൽ ചുമന്നു, പരി പാലിച്ചു. ദൈവ ശുശ്രൂഷയിലെ നല്ലൊരു പങ്കു വഹിച്ചു. എന്നാൽ മറിയയുടെ പടംവരച്ചുവച്ച് വണങ്ങേണ്ടതില്ല. അപ്പൊസ്തലന്മാരിലധി കവും രക്തസാക്ഷികളാകുകയായിരുന്നു അവരെയും ആരാധിക്കരുത്. അവരെല്ലാം മനുഷ്യരാണ്. യാതൊരു മനുഷ്യനെയും ആരാധിക്കരുത്. യേശുവിന്റെ ശിഷ്യനാകുക. അതാണു യേശുവിനോടുള്ള സ്നേഹം. അതാണു യേശുവിന്റെ കല്പനയും.

## യേശുവിന്റെ നുകം ചുമക്കണം

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവീൻ ഞാൻ ആശ്വസിപ്പിക്കും" എന്നു യേശു ആഹ്വാനം ചെയ്തു. തനിയേ വരേണ്ട കാര്യമാണിത്. കരയുന്ന ശിശുവിനെ എടുത്തുകൊണ്ടു വരുന്ന കാര്യമല്ല.

ആത്മരക്ഷയ്ക്കുവേണ്ടി അദ്ധ്വാനിക്കുന്നവരായിരിക്കണം, എത്ര അദ്ധ്വാനിച്ചിട്ടും ഭാരം ശേഷിക്കുന്ന കാര്യം ബോദ്ധ്യം ഉള്ളവരായിരി ക്കണം. ആത്മാവിന് ആശ്വാസം ഇല്ലാത്തവരായിരിക്കണം.

പക്ഷേ ഒരു വ്യവസ്ഥ യേശുവിന്റെ നുകം ചമക്കണം യഹൂദ മതകർമ്മാചാരങ്ങൾ ഭാരമുള്ള നുകമായിരുന്നുവെന്നു ബൈബിളി

ലുണ്ട് (അപ്ര. 15:10). മതങ്ങളുടെ നുകം വലിച്ചെറിഞ്ഞശേഷം യേശുവുമായി ഗുരുശിഷ്യബന്ധം സ്ഥാപിക്കണം. അങ്ങനെയുള്ളവർക്കാണ് ആത്മശാന്തി ലഭിക്കുന്നത്.

## തിരിച്ചറിവാകുംമുമ്പ് രക്ഷനേടാമെന്നോ?

പാപമോചനവും ആത്മരക്ഷയും നേടാൻ തിരിച്ചറിവിന്റെ ആവശ്യമില്ലെന്നാണു ചിലർ പഠിപ്പിക്കുന്നത്? ദൈവനാമം പറഞ്ഞ് ശിശുക്കളുടെ തലയിൽ വെള്ളമൊഴിക്കുന്നതുകൊണ്ട് ഗുണമുണ്ടാകും പോലും! എങ്കിൽ എല്ലാ ശിശുക്കൾക്കും പോളിയോ കൊടുക്കുന്നതു പോലെ മാമ്മോദിസ കൊടുക്കേണ്ടതാണ്. ശിശുക്കളോടു ഇങ്ങനെ ചെയ്യണമെന്നു ബൈബിളിൽ എഴുതിയിട്ടി ല്ലാത്ത സ്ഥിതിയ്ക്കു ക്രിസ്തുമതത്തിൽ ജനിച്ച ശിശുക്കളോടു മാത്രമായി ഇതു പരിമിതപ്പെടുത്തേണ്ടതില്ല. ഈ കർമ്മത്തിനു വിധേയപ്പെട്ടവർക്കും അല്ലാത്തവർക്കും തമ്മിൽ പ്രായോഗിക തലത്തിൽ ഒരു വ്യത്യാസവുമില്ല. എല്ലാ തരക്കാരും ജയിലിലും കോടതിയിലും ഉണ്ട്. പിന്നെന്തിനാണീ പാഴ്പണി എന്നു മനസ്സിലാകുന്നില്ല. യേശുവിലെ വിശ്വാസം ഏറ്റുപറഞ്ഞവർ ശിഷ്യത്വത്തിനായി സ്വമനസ്സാ ചെയ്യേണ്ടതാണ് സ്നാനം.

## പശ്ചാത്താപക്കാർ

ക്രിസ്തുവിന്റെ ആവശ്യമൊന്നുമില്ല പശ്ചാത്തപിച്ചാൽ മാത്രം മതി ആത്മശാന്തി കിട്ടും എന്നുള്ള പക്ഷക്കാർ ലോകത്തേറെയുണ്ട്. ഒരു പുരോഹിതന്റെ മദ്ധ്യസ്ഥതയിൽ മനഃസ്താപപ്പെടുന്നത് കൂടുതൽ നല്ലതായിരിക്കും എന്നു പറഞ്ഞുകേട്ട് അങ്ങനെ ചെയ്യുന്നവരും ഉണ്ട്. എന്നാൽ മദ്ധ്യസ്ഥനൊന്നും വേണ്ട സ്വയം ദേഹദണ്ഡനങ്ങളോടെ തീർത്ഥയാത്രകൾക്ക് തയ്യാറാകുന്നവർക്ക് പിന്നെ ശിക്ഷയില്ല എന്നു സ്വയം വിലയിരുത്തുന്നവരും ഉണ്ട്.

## അരികൊണ്ടും തുണികൊണ്ടും സ്വർഗ്ഗമോ?

പാവങ്ങളെ സഹായിക്കുന്ന ഒറ്റകാര്യം മതി സ്വർഗ്ഗരാജ്യം ഉറപ്പാണെന്ന് യേശുവിന്റെ വാക്കുകൾ വ്യാഖ്യാനിച്ചു ഉറച്ചിരിക്കുന്നവരുണ്ട്. ഈ ചെറിയവൻ വിശന്നും ദാഹിച്ചും നഗ്നനായും ഇരുന്നപ്പോൾ വന്നുകണ്ട് വേണ്ടതു ചെയ്തവർക്കു സ്വർഗ്ഗരാജ്യം കിട്ടുമെന്നേശു പറഞ്ഞുവല്ലൊ? ചെറിയവൻ ആരാണെന്നുള്ളതിന് ഇവർക്കുതെല്ലും സംശയമില്ല-ദരിദ്രർ. ഈ ഉപദേശം പറയാനായിരുന്നെങ്കിൽ ദൈവം മനുഷ്യനാകേണ്ട ആവശ്യം ഉണ്ടായിരുന്നുവോ? പണ്ടേ 10 കല്പന

ഉണ്ടായിരുന്നല്ലോ എന്നവർ ബോധപൂർവ്വം മറക്കുകയാണ്. അതിലുണ്ടല്ലോ കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കണമെന്ന്

ചെറിയവൻ എന്നാൽ ദരിദ്രൻ എന്നല്ല യേശു ഉദ്ദേശിച്ചത്. യേശു മറ്റൊരിടത്ത് പറഞ്ഞിട്ടുള്ളത് ശിഷ്യൻ എന്നുവച്ചു ഈ ചെറിയവരിൽ ഒരുത്തന് എന്നാണ് (മത്തായി 10:42). യേശുവിന്റെ അപ്പൊസ്തലന്മാർ ഉടുതുണിയ്ക്കു മറുതുണി ഇല്ലാത്ത ചെറിയവരായിരുന്നു. അവർ യേശുവിന്റെ സുവിശേഷ ഘോഷണത്തിനുപോയപ്പോൾ കേട്ടു വിശ്വസിക്കുകയും വീട്ടിൽ കൈക്കൊണ്ടു വസ്ത്രവും ഭക്ഷണവും താമസസൗകര്യവും കൊടുത്തവർക്കു പ്രതിഫലം നൽകുന്ന കാര്യമാണിത്. അല്ലാതെ ദരിദ്രർക്കു അരിയും തുണിയും കൊടുത്താൽ സ്വർഗ്ഗം കിട്ടുന്ന കാര്യമല്ല. ദരിദ്രർക്കു നന്മ ചെയ്യേണ്ടതുതന്നെ. എന്നാൽ സ്വർഗ്ഗം കിട്ടും എന്ന സ്വാർത്ഥതയിൽ ചെയ്യരുത്.

## ദീനം മാറിയാൽ മതിയോ?

രോഗം ഭേദപ്പെടാനും ആയുരാരോഗ്യ സൗഖ്യങ്ങളുണ്ടാകുവാനും സഭയിലേക്കു വരുന്നവരുണ്ട്. കാരണം പല പ്രസംഗകരും ഉളുക്ക്, ചതവ്, കോച്ച്, കൊളുത്ത്, മരവിപ്പ്, ചൊറിച്ചിൽ, പുകച്ചിൽ, നീറ്റൽ, നീർക്കെട്ട്, സന്ധിവേദന, കൈകാൽ കഴപ്പ് തുടങ്ങിയവ മാറ്റുന്ന നാട്ടു വൈദ്യനായിട്ടാണ് യേശുവിനെ അവതരിപ്പിക്കുന്നത്. കഷ്ടം രോഗങ്ങ ളാണോ സമൂഹത്തിലെ ഏറ്റവും വലിയ പ്രശ്നം? രോഗങ്ങൾ കൊണ്ടാണോ ജനം ആത്മഹത്യ ചെയ്യുന്നത്? പിശാച് ഇവരിലൂടെ ആളുകളെ വഴി തിരിച്ചുവിടുകയാണ്. യേശു സർവ്വശക്തനും മനസ്സലിവുള്ളവനുമായ ദൈവമാകയാൽ അടയാളം എന്ന നിലയിൽ ചിലർക്കു രോഗസൗഖ്യം നൽകിയതു ശരിയാണെങ്കിലും രോഗശാന്തി നൽകാനല്ല യേശു വന്നത്. മനുഷ്യരിലാർക്കും സഹായിക്കാൻ കഴിയാത്ത ആത്മരക്ഷയ്ക്കുവേണ്ടിയാണ്. ആത്മരക്ഷ കിട്ടിയാൽ ദൈവത്തെ കിട്ടി. അതല്ലെ എല്ലാറ്റിലും വലുത്?

## സ്വയം നന്നായാൽ മതിയോ?

തീർത്ഥയാത്രകൾക്കോ ധ്യാനങ്ങൾക്കോ പോയി ജീവിത നവീകരണം വരുത്തിയാൽ ധാരാളം മതി എന്ന ആശ്വാസത്തിൽ കഴിയുന്ന ധാരാളം പേരുണ്ട്. എപ്പോഴും ബൈബിൾ കക്ഷത്തിൽ വച്ച്കൊട്ടിപ്പാടി നടക്കുന്നവരേക്കാൾ ഭക്തി ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള ഞങ്ങളെ ദൈവം ഉപേക്ഷിക്കുമോ? എന്നാണവരുടെ ചോദ്യം.

മാതാപിതാക്കളുടെ ശിക്ഷണംകൊണ്ടും വിദ്യാഭ്യാസം കൊണ്ടും മതബോധനങ്ങൾകൊണ്ടും രാഷ്ട്രീയ സ്റ്റഡി ക്ലാസ്സുകൾകൊണ്ടും, നല്ല കൂട്ടുകെട്ടുകൾകൊണ്ടും സർവ്വോപരി നിശ്ചയദാർഢ്യംകൊണ്ടും നവീകരണം വരുത്താൻ മനുഷ്യനു കഴിയും. സമൂഹത്തിൽ മാന്യത നേടാനതു സഹായിക്കും. ആത്മ സംതൃപ്തിയുമുണ്ടാകും.

എന്നാൽ ജന്മനാ പാപിയും നരകയോഗ്യനുമായ മനുഷ്യനു നരകശിക്ഷ ഒഴിയാനതു പോര. കാരണം, സ്വയ പരിശ്രമംകൊണ്ട് പാപം ചെയ്യാതിരിക്കാൻ കഴിഞ്ഞേക്കും. പാപം നോക്കാതെയും കേൾക്കാതെയും പറയാതെയും ചിന്തിക്കാതെയുമിരിക്കാൻ കഴിയില്ല.

## ഒടുക്കം എന്തു ചെയ്യും?

ചുങ്കക്കാരനും പരീശനും പ്രാർത്ഥിക്കാൻ ദൈവാലയത്തിൽ പോയ കഥ യേശു പറഞ്ഞു. തന്റെ നീതി പ്രവൃത്തികൾ അക്കമിട്ടു നിരത്തിയ പരീശൻ നീതീകരിക്കപ്പെടാതെ മടങ്ങുകയാണുണ്ടായത്. (ലൂക്കോ 18:9-14). പരീശൻ തന്റെ പ്രവൃത്തികളെ നോക്കിയപ്പോൾ ദൈവം അവന്റെ ഹൃദയത്തെയാണു നോക്കിയത്. അതിൽ പാപമുണ്ടായിരുന്നു. അത് നീക്കാൻ സ്വയം നവീകരണത്തിനാകില്ല. എന്നാൽ ചുങ്കക്കാരൻ ദൈവത്തിന്റെ കൃപയാലൊരുക്കപ്പെട്ട രക്ഷയ്ക്കായി യാചിക്കുകയായിരുന്നു. നിമിഷംകൊണ്ടവനു രക്ഷകിട്ടി. യേശുവിന്റെ ആളുകളായി ജീവിക്കുക മാത്രമല്ല യേശുവിന്റെ നാമത്തിൽ വീര്യ പ്രവൃത്തികൾ ചെയ്യുക കൂടെ ചെയ്ത ചിലരുടെ ഉള്ളിൽ സാത്താനായിരുന്ന കാര്യം യേശുപറഞ്ഞു (മത്തായി 7:22,23) അവസാനം അവരെ തള്ളിക്കളയുകയായിരുന്നു.

അടിച്ചുവാടി അലങ്കരിച്ച വീടുപോലെ കാണപ്പെട്ട സ്വയം നവീകരണക്കാരന്റെ ഉപമ യേശുപറഞ്ഞു. ഭൂതത്തിനവനിൽ യഥേഷ്ടം കയറുകയും ഇറങ്ങുകയും ചെയ്യാമായിരുന്നു. (മത്താ 12:43-45). മനുഷ്യർക്കതു മനസ്സിലാക്കാനാവില്ല. ന്യായവിധി നാളിൽ ദൈവം വെളിപ്പെടുത്തും.

രാജപുത്രന്റെ മകന്റെ കല്യാണത്തിൽനിന്നും പുറത്താക്കപ്പെട്ടവരുടെ അവസ്ഥയും ഇതുതന്നെ. രാജാവു നൽകിയ സൗജന്യ വസ്ത്രമല്ലത് സ്വന്തം വസ്തമാണെന്നു മറ്റു മനുഷ്യർക്കു മനസ്സിലാക്കാനായില്ല. ദൈവം അവസാനം മനസ്സിലാക്കിച്ചുകൊടുത്തു (മത്താ 22:12).

അഞ്ചു കന്യകമാർക്കു വിളക്കിൽ എണ്ണയില്ലായിരുന്ന കാര്യം അർദ്ധരാത്രിവരെ ആർക്കും മനസ്സിലായില്ല കർത്താവിന്റെ വീണ്ടും വരവ് വരെ ആർക്കും ആരെയും കബളിപ്പിക്കാം (മത്തായി 25:1–13).

രാത്രിയിൽ കൂടെകിടന്നുറങ്ങിയ ആളും രാവിലെ എഴുന്നേറ്റു തിരി കല്ലിൽ പൊട്ടിച്ചുകൊണ്ടിരുന്നയാളും പകൽ വയലിൽകൂടെ പണി ചെയ്തുകൊണ്ടിരുന്നയാളും കർത്താവിന്റെ യഥാർത്ഥ ശിഷ്യരല്ലായിരു ന്നെന്ന് അന്നുമാത്രമാണവർക്ക് മനസ്സിലാകുന്നത് (ലൂക്കോ 17:34–36).

## അനുഭാവികളല്ല അനുഗാമികളാകണം

നീക്കോദിമോസ് എന്ന വൃദ്ധൻ പരീശപ്രമാണിയും ഉപദേഷ്ടാവു മായിരുന്നു. ഒരു രാത്രിയിൽ യേശുവിന്റെ അടുത്തെത്തി യേശുവിന്റെ ജീവിതത്തേയും ശുശ്രൂഷയേയും പ്രശംസിച്ചു. തിരിച്ചൊരു പ്രശംസയാകാം താൻ പ്രതീക്ഷിച്ചത്.

യേശു നീക്കോദിമോസിനോട് ജീവിതത്തിനു പകരം ജനനത്തെക്കുറിച്ചാണ് പറഞ്ഞത്. പുതുതായി ജനിക്കണം, ദൈവജീവൻ കിട്ടണം, ഒന്നിൽനിന്നു തുടങ്ങണം. മുറിവേറ്റവനായാണദ്ദേഹം മടങ്ങിയത്. മുറിവില്ലെങ്കിൽ മുത്തില്ല എന്നല്ലെ?

മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യ പുത്രനായ തന്നെയും ഉയർത്തേണ്ടതാകുന്നു എന്ന് യേശു പറഞ്ഞിരുന്നു. അഗ്നി സർപ്പത്തിന്റെ കടിയേറ്റ ആസന്നമരണരുടെ ജീവനുവേണ്ടിയായിരുന്നു പിച്ചള സർപ്പം ഉയർത്തപ്പെട്ടത്. നോക്കിയവർക്ക് ജീവൻ കിട്ടി.

യേശുവിനെ ഒരു മരത്തിൽ ഉയർത്തിയ അന്ന് നീക്കോദിമോസിന് യേശു അന്നു പറഞ്ഞതിന്റെ പൊരുൾ തിരിഞ്ഞു.

പിന്നെ ഒട്ടും താമസിച്ചില്ല. യേശുവിന്റെ രഹസ്യശിഷ്യത്വം ഉപേക്ഷിച്ചു പരസ്യശിഷ്യനാകാൻ തീരുമാനിച്ച ശ്രേഷ്ഠമന്ത്രി അരിമഥ്യ യിലെ യോസഫുമായി പീലാത്തോസിനെ സമീപിച്ച് യേശുവിന്റെ ശരീരം ഏറ്റുവാങ്ങി അടക്കാൻ ആലോചിച്ചു. രാജ്യദ്രോഹം കുറ്റം ചുമത്തിക്രൂശിച്ചവന്റെ ശരീരം അടക്കാൻ തയ്യാറായാൽ മന്ത്രിക്കസേര തെറിക്കും ഉറപ്പ്. ന്യായപ്രമാണലംഘി എന്ന മുദ്രകുത്തി യഹൂദ മതനേതാക്കൾ നിർബന്ധിച്ചു ക്രൂശിച്ച ശരീരത്തോടാദരവു കാണി ച്ചാൽ നീക്കോദിമോസിന് ഇനി ദൈവാലയത്തിൽ സ്ഥാനമില്ല, ഭ്രഷ്ട് ഉറപ്പാണ്.

ജീവിച്ചിരിക്കുന്ന യേശുവിനായല്ല മരിച്ച യേശുവിനായി ഈ ത്യാഗത്തിനവർ തയ്യാറായി. ഇനിയുള്ള കൂട്ടുകാർ സാധുക്കളായ 11 ശിഷ്യന്മാർ മാത്രം. അവർ ഇരുവരും യേശുവിന്റെ പരസ്യശിഷ്യരായി വീണ്ടും ജനിച്ചു. ദൈവരാജ്യാവകാശികളായി.

ജനിക്കാത്ത ഐതീഹ്യ പുരുഷന്മാർക്കും മരിച്ചു മണ്ണോടു ചേർന്നവർക്കും മരിക്കാൻ പോകുന്നവർക്കും ശിഷ്യരാകുകയല്ല വേണ്ടത് ജീവനായ, ജീവിക്കുന്നവനായ, ജീവദാതാവായ യേശുവിന്റെ ശിഷ്യരാകുക. യേശുവിനെ കൈക്കൊണ്ട് സ്വമനസ്സാ സ്നാനപ്പെട്ട് ആത്മീയ ജീവിതം ആരംഭിക്കുക. യേശുവിന്റെ ശിഷ്യരോടു ചേർന്ന് പ്രാർത്ഥിക്കുക, ആരാധിക്കുക, സുവിശേഷീകരണത്തിൽ പങ്കാളികളാകുക, ദൈവം സഹായിക്കട്ടെ.

കൂടുതൽ വിവരങ്ങൾക്കും ആത്മീയ സഹായങ്ങൾക്കും

ബന്ധപ്പെടുക

**Kunjumon Thottappally**
Lakkattoor P.O.,
Kottayam 686 502
Mob: 9447868593

ഒടുക്കം എന്തു ചെയ്യും?

ഒടുക്കം എന്നുദ്ദേശിക്കുന്നത് മരണത്തെയല്ല. മരണശേഷം പുനരുത്ഥാനമുണ്ട്. പിന്നെ, ജീവിതത്തിന്റെ കണക്കു നോക്കൽ, അതാണു രാജാവിന്റെ കല്യാണ വസ്ത്രപരിശോധന. വിളക്കുകളിലെ എണ്ണ നിരീക്ഷിക്കൽ. ഇന്ന്, പണം വാങ്ങി പക്ഷം പിടിക്കാൻ മതാചാര്യന്മാരും വക്കാലത്തു പിടിക്കാൻ വക്കീലന്മാരുമുണ്ട്.

അന്ന്, നിനവേക്കാരും ശേബാ രാജ്ഞിയും ഉയിർത്തെഴുന്നേറ്റ് ഈ തലമുറയെ കുറ്റം വിധിക്കും എന്ന് യേശു പറഞ്ഞിട്ടുണ്ട്. ഒടുക്കം നിങ്ങൾ എന്തു ചെയ്യും (യിരമ്യാവ് 5:31)